പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം : 1136

13.06.2013-ൽ

മറുപടിക്ക്

## അനധികൃതമായി കൈവശപ്പെടുത്തിയ പ്ലാന്റേഷൻ ഭൂമി തിരിച്ചെടുക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ഷംസുദ്ദീൻ<br>" അബ്ദുറഹിമാൻ രണ്ടത്താണി<br>" സി. മോയിൻകുട്ടി<br>" പി. ബി. അബ്ദുൾ റസാക് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ വക പ്ലാന്റേഷൻ ഭൂമി അനധികൃതമായും വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിട്ടുള്ളത് കണ്ടെത്തി തിരിച്ചെടുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (എ) കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 81(1)(e) പ്രകാരം ഇളവ് നൽകിയ പ്ലാന്റേഷൻ ഭൂമി പ്രസ്തുത വ്യവസ്ഥകൾ ലംഘിച്ച് വിനിയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന കേസുകളിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) ഈ നടപടികളുടെ ഭാഗമായി ഹാരിസൺ പ്ലാന്റേഷൻസിൽ നിന്നും ഏറ്റെടുത്ത ഭൂമി വിട്ടുനൽകാൻ കോടതി ഉത്തരവ് വന്നിട്ടുണ്ടോ; എങ്കിൽ അത്തരത്തിൽ ഉത്തരവ് വരാനിടയായ സാഹചര്യം വിശദമാക്കുമോ; | (ബി) ഹാരിസൺ മലയാളം ലിമിറ്റഡ് കമ്പനിക്കെതിരെ വൈത്തിരി താലൂക്ക് ബോർഡിലുള്ള TLB (SW)-37/81- ാം നമ്പർ കേസിലെ എല്ലാ നടപടികളും സ്റ്റേ ചെയ്തു. ടി കമ്പനിക്കെതിരെ സർക്കാർ ഫയൽ ചെയ്ത OP(C) 3508/11-ാം നമ്പർ കേസിൽ ഇടക്കാല വിധിയായിട്ടുണ്ട്. ടി സീലിംഗ് കേസ് പ്രകാരം മിച്ചഭൂമിയായി പ്രഖ്യാപിച്ച ഭൂമിയിൽ നിലവിൽ തർക്കമില്ലാത്തതും സർക്കാരിലേയ്ക്ക് വിട്ടുതരുവാൻ സന്നദ്ധമായതുമായ 834.53 ഏക്കർ ഭൂമി ഏറ്റെടുക്കുവാൻ ടി കമ്പനിക്കെതിരെ സ്റ്റേറ്റ് ഫയൽ ചെയ്ത OP(C) 3508/11- ാം നമ്പർ കേസ് പരിഗണിക്കവേ ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. |

ആയതിൻപ്രകാരം ഏറ്റെടുക്കൽ നടപടി തുടരവേ മേൽ നമ്പർ കേസിലെ 19.12.2012-ലെ വിധിയിൽ പ്രസ്തുത ഏറ്റെടുക്കൽ നടപടികൾ തൽസ്ഥിതിയിൽ നിലനിർത്തിക്കൊണ്ട് നിർത്തിവയ്ക്കാൻ ബഹു. ഹൈക്കോടതി നിർദ്ദേശിച്ചു.

(സി) ഈ ഉത്തരവ് റദ്ദാക്കിക്കിട്ടാനും, ഭാവിയിൽ സമാന കേസുകളിൽ പൊതു താല്പര്യം സംരക്ഷിക്കപ്പെടാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) ഹാരിസൺ മലയാളം കമ്പനി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ടി കമ്പനിക്കെതിരെ സർക്കാർ ഫയൽ ചെയ്തിട്ടുള്ള OP(C) 3508/11-ാം നമ്പർ കേസ് ഇപ്പോഴും ബഹു. ഹൈക്കോടതിയുടെ സജീവ പരിഗണനയിലാണ്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള വ്യവഹാര വിഷയങ്ങൾ സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ മുമ്പാകെ ഉന്നയിച്ചുകൊണ്ട് സർക്കാർ നടപടികളുമായി മുന്നോട്ട് പോകുന്നുണ്ട്. സമാന കേസുകളിൽ ഭൂപരിഷ്കരണ നിയമം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ